ചിത്രകഥ | Dharmaram Publications: No. 526

# സത്യവഴിയിലെ നിത്യസഞ്ചാരി

## പുണ്യചരിതനായ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രം

റാഫി നീലങ്കാവിൽ




1964


1966


1967


1961


2004

**"എന്റെ പുണ്യജീവിതം മുഴുവൻ
സത്യത്തോടുള്ള സ്നേഹം ആണ്.
സത്യമായതു വിശ്വസിക്കുക;
വിശ്വസിക്കുന്നതു പറയുക;
പറയുന്നതു പ്രവർത്തിക്കുക.
സത്യത്തിന്റെ അംഗീകരണത്തിൽ
നിന്നേ നീതി പുലരുകയുള്ളു."**

**(ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിൽ സി.എം.ഐ.)**


1935


2006

| | | |
|---|---|---|
| 27-11-1920 | : | ജനനം |
| 01-07-1925 | : | സ്കൂൾ വിദ്യാഭ്യാസം,<br>സെന്റ് മേരീസ് എലമെന്ററി സ്കൂൾ,<br>സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പാവറട്ടി |
| 22-09-1935 | : | പ്രാഥമിക സന്ന്യാസപരിശീലനം,<br>സെന്റ് തോമസ് മൊണാസ്ട്രി, പാവറട്ടി |
| 24-11-1939 | : | ആദ്യവ്രതം |
| 31-05-1947 | : | വൈദികപട്ടം |
| 20-10-2006 | : | മരണം |
| 21-10-2006 | : | കബറടക്കം, ഭാരതമാത ആശ്രമം, പാലക്കാട് |


*വിവരങ്ങൾക്കു ബന്ധപ്പെടുക:*

**ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.** 9894772026
(ഡോക്യുമെന്റേഷൻ ഇൻചാർജ്)
**പ്രൊവിൻഷ്യൽ സെക്രട്ടറി** 6380990713
സി.എം.ഐ. കോയമ്പത്തൂർ പ്രേഷിത പ്രവിശ്യ
**www.dunston.in**

ചിത്രകഥ | Dharmaram Publications: No. 526

# സത്യവഴിയിലെ നിത്യസഞ്ചാരി

## പുണ്യചരിതനായ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രം

റാഫി നീലങ്കാവിൽ



Title
Sathyavazhiyile Nithyasanchari
(Malayalam)

Author
Raphy Neelankavil
Email: raphyneelankavil@gmail.com

Paintings
Santhosh Veliyannoor

First Edition
© 2022: Preshitha Communications

Published by Preshitha Communications, Coimbatore &
Dharmaram Publications, Bengaluru

*Cover*: Smriti design, Thrissur
*Printing*: Printatbasil, Ernakulam

ISBN: 978-93-92996-02-3
Price: Rs. 50; US$ 5

**Preshitha Communications**
Little Flower Mission Centre
PO Bharathiar University
Coimbatore 641046 Tamilnadu, India
Email: preshithacoimbatore@gmail.com
&
**Dharmaram Publications**
Dharmaram College, Bengaluru 560029, India
Tel: +91-8041116137; 6111
Email: dpinformation@yahoo.com; dpoffice3@gmail.com
Web: www.dharmarampublications.com

Dharmaram Publications: No. 526


തൃശ്ശൂർ ജില്ലയിലെ
മനോഹരമായൊരു
ഗ്രാമമാണ് പാവറട്ടി.

പാവറട്ടി ഒലക്കേങ്കിൽ ആനട്ടി കുടുംബത്തിൽ പൗലോസ് മറിയം ദമ്പതികളുടെ മകനായി 1920 നവംബർ 27–ാം തിയ്യതി ഡൺസ്റ്റൺ ജനിച്ചു.




ദൈവവിശ്വാസത്തിൽ അടിയുറച്ച കുടുംബമായിരുന്നു ഇട്ടൂപ്പുണ്ണിയുടേത്.
മാത്രമല്ല കുടുംബം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരുന്നു.
പിതാവിന്റേയും പുത്രന്റേയും...


പള്ളിയിൽ പോകുന്നതിനും ആ യാത്രയിൽ മുതിർന്നവർ പറയുന്ന കൊച്ചുകഥകൾ കേൾക്കുന്നതിനും ഇട്ടൂപ്പുണ്ണിക്ക് ഉത്സാഹമായിരുന്നു.
ഈശോയുടെ കൃപ ഒന്നുമാത്രമാണ് അവരെ രക്ഷിച്ചത്.
ഈശോയെ കാത്തുകൊള്ളേണമേ...


ഒരു ദിവസം.
അപ്പച്ചാ എനിക്ക് ദിവസവും പള്ളിയിൽ പോകണം.
നീ കുഞ്ഞല്ലേ. ഇത്രയും ദൂരം തനിയെ പോകാൻ നിനക്ക് കഴിയുമോ?
എന്റെ കുഞ്ഞാഗ്രഹമല്ലേ അപ്പച്ചാ...
മനസ്സില്ലാ മനസ്സോടെ ആ പിതാവ് മകന്റെ ആഗ്രഹത്തിന് വഴങ്ങി.


സൂക്ഷിച്ചു പോണേ മോനേ...
ശരി അപ്പച്ചാ.


നല്ലകുട്ടിയാകുവാൻ
പള്ളിയിൽ പോകുന്നതിൽ
ഞാൻ മുടക്കം വരുത്തില്ല.


നല്ല പുസ്തകങ്ങൾ വായിക്കുന്നതിനായി എല്ലാവരും വീടിന്റെ ഇറയത്ത് ഒത്തുചേരുക പതിവായിരുന്നു.
കൊച്ചുത്രേസ്യയെപ്പോലെ ചെറിയ കാര്യങ്ങൾ വലിയ മനസ്സോടെ ചെയ്യുക.
ശരി അപ്പച്ചാ.


വിശുദ്ധിയുടെ ബാലപാഠങ്ങൾ പകർന്ന് കൊടുക്കുന്നതിൽ സഹോദരി കുഞ്ഞേത്തിയുടെ വിശ്വാസ ജീവിതവും ഇട്ടൂപ്പുണ്ണിക്ക് ഏറെ സഹായകമായി.
ഇരുപത്തഞ്ചുനോമ്പിൽ എല്ലാദിവസവും 40 നൻമനിറഞ്ഞ മറിയം ചൊല്ലി ഉണ്ണീശോയ്ക്കു കാഴ്ചവെക്കണം
ഉണ്ണീശോയെ എന്റെയുള്ളിൽ വരണേ.

പ്രാഥമിക പഠനത്തിനായി അപ്പൻ മാനേജരായിരുന്ന വിദ്യാലയത്തിലാണ് അവനെ ചേർത്തത്.




ഇട്ടൂപ്പുണ്ണി ആറര വയസ്സ് കഴിഞ്ഞതോടെ ആദ്യ കുർബാന സ്വീകരിച്ചു. കുർബാന സ്വീകരണത്തിന് മാസങ്ങളോളം പ്രാർത്ഥിച്ച് ഒരുങ്ങിയിരുന്നു.
മിശിഹായുടെ ശരീരവും രക്തവും...
ഈശോ വരേണെ ഉള്ളിൽ...


പുണ്യവാൻമാരെക്കുറിച്ചു പറയാൻ നൂറു നാവായിരുന്നു കുഞ്ഞേത്തി പെങ്ങൾക്ക്...
നമ്മുടെ നാട്ടിൽ നിന്നും ഇതുവരെയും ആരും പുണ്യവാന്മാരായിട്ടില്ല.

സഹോദരിയുടെ വാക്കുകൾ വളരെ വിഷമത്തോടെയാണ് ഇട്ടൂപ്പുണ്ണി ശ്രവിച്ചത്. അവനിൽ ചില ചിന്തകൾ ഉണർന്നു.




ആഗ്രഹം ശക്തമായപ്പോൾ ഇട്ടൂപ്പുണ്ണി സഹോദരി കുഞ്ഞേത്തിയോടു പറഞ്ഞു.
വിശുദ്ധിയിലേക്കുള്ള എന്റെ മാർഗ്ഗം സന്ന്യാസമാണ്.


തുടർന്ന്, സന്ന്യാസ ജീവിതത്തിന് തന്നെത്തന്നെ പാകപ്പെടുത്തുന്നതിനായി ഇട്ടൂപ്പുണ്ണി അതീവ ശ്രദ്ധാലുവായി.
ഈശോയേ... കോപമെന്ന വികാരത്തെ ഇല്ലാതാക്കണമേ.


പള്ളിയിൽ പ്രാർത്ഥനാനിരതനായിരിക്കെ അൾത്താരയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന രൂപങ്ങൾ നോക്കി ഇട്ടൂപ്പുണ്ണി ആത്മാർത്ഥമായി ആഗ്രഹിച്ചു പ്രാർത്ഥിച്ചു.
ഇതുപോലെ എന്നെയും ഒരു വിശുദ്ധനാക്കണമെ.

തന്റേതായ ആജന്മവാസനകളിൽനിന്നും മാറി ആരോടും വിരോധം സൂക്ഷിക്കാൻ കഴിയാത്ത മറ്റൊരാളായി മാറുന്നതിലേക്കുള്ള ദൂരം വളരെ വലുതും സഹനം നിറഞ്ഞതുമാണെന്ന് ഇട്ടൂപ്പുണ്ണി തിരിച്ചറിഞ്ഞു.



ഹൈസ്കൂൾ പഠനത്തിനായ് ഇട്ടൂപ്പുണ്ണി പാവ
റട്ടി സെന്റ് ജോസഫ് ഹൈസ്കൂളിൽ ചേർന്നു.



സെന്റ് ജോസഫ് ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കെ
പാവറട്ടിയിലെ സെമിനാരിയിൽ
ചേരണമെന്ന് ആഗ്രഹിച്ചു.




മാസങ്ങൾ പിന്നിട്ടതോടെ...
എനിക്ക് വൈദികനാകണം. ഇക്കാര്യമൊന്ന് അപ്പനോട് പറയണം. എനിക്ക് നേരിട്ട് പറയാൻ പേടിയാണ്.


നീ തന്നെ അപ്പനോട് ആദ്യം പറയൂ. പിന്നീട് ഞാൻ അപ്പനുമായി സംസാരിക്കാം.


ഭാവിയെക്കുറിച്ച് നന്നായി ചിന്തിച്ച് വിഷമങ്ങൾ മുഴുവനും
മനസ്സിലാക്കിയ ഇട്ടൂപ്പുണ്ണി വീട്ടിൽ നിന്ന് സന്ന്യാസത്തി
നായി പുറപ്പെട്ടു.
എന്റെ മോനെ നിങ്ങളെ ഏൽപ്പിക്കുന്നു.
അപ്പാ...


ഇന്നുമുതൽ
ഞാൻ മുഴുവനും അധികാരി
കളുടെ കീഴിലാണ്. അവർ
എവിടേയ്ക്ക് അയച്ചാലും
ഞാൻ പോകും.


എത്ര നിഷ്കളങ്കനാണ് ഈ കുട്ടി.
ഇട്ടൂപ്പുണ്ണിയുടെ ശിശുസഹജമായ നിഷ്കളങ്കത ഭാവിയിൽ സഭയ്ക്ക് മുതൽക്കൂട്ടാവും.


ശെമ്മാശനായിരിക്കെ സെമിനാരിയിൽ ചെയ്ത പ്രസംഗം സത്യസ്നേഹത്തിന്റെ ബഹിർസ്ഫുരണമായിരുന്നു.
എന്റെ പുണ്യ ജീവിതം മുഴുവൻ സത്യസ്നേഹമാണ്. സത്യത്തെ സ്നേഹിക്കുക.


ക്രിസ്തുമസ്സ് നൊയമ്പിന്റെ ആരംഭത്തിൽ...
ഏറ്റവും പരിമിതമായി ജീവിക്കണം. നോമ്പുകാലം മുഴുവനും രണ്ട് ജോഡി വസ്ത്രങ്ങൾ മാത്രം മതി.
സന്ന്യാസപരിശീലനത്തിന്റെ അന്ത്യത്തിൽ ഇട്ടൂപ്പുണ്ണിക്ക് അധികാരികൾ തിരുക്കുടുംബത്തിന്റെ **ബ്രദർ ഡൺസ്റ്റൺ** എന്ന പേര് നൽകി.


തന്റെ ആത്മീയഗുരുവായ വൈദികനുമായുള്ള സംഭാഷണത്തിൽ...
ഡൺസ്റ്റൺ ശെമ്മാശന്റെ ദേഷ്യസ്വഭാവമൊക്കെ പൂർണ്ണമായി മാറിയല്ലോ.
മറ്റുള്ളവരെ കൂടുതൽ മനസ്സിലാക്കുവാൻ ശ്രമിച്ചപ്പോൾ എന്റെ ദേഷ്യസ്വഭാവം കുറഞ്ഞുവന്നു. മറ്റുള്ളവരോട് ദേഷ്യപ്പെടുന്നത് ആത്മീയ പിന്നോക്കാവസ്ഥയുടെ തെളിവാണ്.


1947ൽ അദ്ദേഹം വൈദികപട്ടം സ്വീകരിച്ചു.
അനേകർക്ക് വേണ്ടി മുറിക്കപ്പെടുന്ന...

നവപൂജാർപ്പണത്തിന് ശേഷം പാവറട്ടി ഗ്രാമം അദ്ദേഹത്തിന് ഉജ്ജ്വല സ്വീകരണം നൽകി.




ജീവിതത്തിൽ മറക്കാനും മാപ്പു ചോദിക്കാനുമുള്ള കഴിവ് ഡൺസ്റ്റണച്ചന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമായി.
കർത്താവേ പൊറുക്കണമേ. കർത്താവേ ക്ഷമിക്കണമേ...
I.N.R.I.

## ജീവിതത്തിൽ സത്യസന്ധതയിൽ ജീവിക്കാൻ ഡൺസ്റ്റണച്ചനു വി. തോമസ് മൂർ പ്രചോദനമായി.

വിശുദ്ധൻ ബ്രിട്ടനിലെ രാജാവായിരുന്ന ഹെൻറി എട്ടാമന്റെ ചാൻസലറും സുഹൃത്തുമായിരുന്നു. സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാൻ രാജാവ് ആഗ്രഹിച്ചു. മാർപാപ്പ രാജാവിന് അനുമതി നിഷേധിച്ചു. കുപിതനായ രാജാവ് ആ രാജ്യത്തെ സഭയുടെ അധികാരിയായി തന്നെത്തന്നെ പ്രഖ്യാപിച്ചു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് സ്ഥലത്തെ കർദ്ദിനാളും വൈദികരും തോമസ് മൂറിന്റെ കുടുംബാംഗങ്ങളും ആ പ്രഖ്യാപനത്തിൽ ഒപ്പുവച്ചു. തോമസ് മൂർ ആരുടെയും പ്രലോഭനങ്ങൾക്കു കീഴടങ്ങിയില്ല. മനഃസാക്ഷിയെ അനുസരിച്ചു. ചാൻസലർ സ്ഥാനവും രാജാവിന്റെ മിത്രമെന്ന ആനുകൂല്യവും ഉപേക്ഷിച്ചു. ജീവിക്കാൻ തോമസ് മൂർ ആഗ്രഹിച്ചിരുന്നു. തനിക്കു വരാനിരിക്കുന്ന പീഡനങ്ങളെയും വധശിക്ഷയെയും ഭയന്നു. എന്നാൽ,സത്യത്തോടുള്ള സ്നേഹം അദ്ദേഹത്തെ ക്രൂരമായ മരണത്തിന് ഒരുക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു.




‘വിശുദ്ധ തോമസ് മൂർ!’
വായിക്കുംതോറും എനിക്ക് അദ്ദേഹം
കൂടുതൽ കൂടുതൽ അനുകരണീയനായി
തോന്നുന്നു. വിശുദ്ധന്റെ സത്യത്തോടുള്ള
സ്നേഹം അപാരം!
മനസ്സാക്ഷിയെപ്രതിയാണ് അദ്ദേഹം
രക്തസാക്ഷിയായത്.
ഭീരുത്വത്തെ ജയിക്കു
ന്നതിനു സത്യസ്നേഹം
വിശുദ്ധനെ സഹായിച്ചതു
പോലെ എന്നേയും
സഹായിക്കും.

ചെത്തിപ്പുഴയിലും മണിമലയിലും അയിരൂരിലും ആശ്രമ ശ്രേഷ്ഠന്റെ സഹായിയായി അദ്ദേഹം ദൈവജനത്തിനു സേവനം ചെയ്തതിനു ശേഷം 1953–ൽ അമ്പഴക്കാട്ടെ സെന്റ് തെരേസാസ് ആശ്രമത്തിലെ പ്രൊക്യൂറേറ്ററായി നിയമിതനായി. അദ്ദേഹത്തെ പരിചയപ്പെട്ടവർ എല്ലാവരും പറയുമായിരുന്നു...



സന്ന്യാസ ജീവിതത്തിന്റെ ഭൂരിഭാഗവും അദ്ദേഹം ചെലവഴിച്ചത് സന്ന്യാസപരിശീലന ഭവനങ്ങളിലാണ്.



പരിശീലന ശുശ്രൂഷയിൽ...




ശെമ്മാശൻമാർക്ക് കരുതലിന്റെയും കാരുണ്യത്തിന്റെയും ഒരു പാഠപുസ്തകമായി അദ്ദേഹം.
നമുക്ക് ഏൽപ്പിക്കപ്പെടുന്ന ദൗത്യത്തോട് പൂർണ്ണമായും വിശ്വസ്തത പാലിക്കണം.


അദ്ദേഹം സന്ന്യാസാർത്ഥികളെ വിളിച്ചുകൂട്ടി മറ്റുള്ള
വരുടെ നന്മകൾ എഴുതുവാൻ ആവശ്യപ്പെട്ടിരുന്നു.
എല്ലാവരും എഴുതിയവ ഉറക്കെ വായിക്കുക...


കളിയും ചിരിയും മേമ്പൊടിയായി ചേർത്ത് കാര്യങ്ങൾ ഗ്രഹിക്കത്തക്കവിധം പരിശീലനം നൽകുവാൻ സാധിക്കുക ഡൺസ്റ്റണച്ചനെപ്പോലെ വിശുദ്ധരായ പരിശീലകർക്കു മാത്രമാണ്.
ഞങ്ങളെന്തു ചെയ്യണം?
ദൈവത്തിന് കാതോർക്കുക...


തിയറ്ററിൽ 'സിസ്റ്റർ' എന്ന ബംഗാളി സിനിമ പ്രദർശനം ഉണ്ട്. നിങ്ങൾക്ക് പ്രചോദനാത്മകമാകയാൽ കാണുവാൻ അനുവാദം നൽകുന്നു.

ഫുട്ബോൾ കളിക്കിടെ തന്റെ ശിഷ്യരോടൊപ്പംകൂടി അവരിലൊരുവനായി കളിക്കുന്നതിലും അദ്ദേഹം സന്തോഷം കണ്ടെത്തി.




നല്ലൊരു കലാകാരൻകൂടിയായിരുന്നു ഡൺസ്റ്റണച്ചൻ. തന്റെ കഴിവുകൾ പരിശീലന രംഗത്ത് അദ്ദേഹം നന്നായി വിനിയോഗിച്ചു.
ബ്രദർ, ഇതുപോലെ കിളികളും ചെടികളും വരച്ചു ചേർത്താൽ നമ്മുടെ പുൽക്കൂട് കൂടുതൽ മനോഹരമാകും.


പാവപ്പെട്ടവരെ സ്വയംപര്യാപ്തരാക്കണമെന്നത് ഡൺസ്റ്റണച്ചന്റെ ഒരു ചിന്തയായിരുന്നു. റാഞ്ചിയിലെ ബലൂൺ കച്ചവടക്കാരനോട് ...
പേപ്പർ ഉപയോഗിച്ച് പൂക്കളും കളിപ്പാട്ടങ്ങളും നിർമ്മിക്കുവാൻ ഞാൻ പഠിപ്പിച്ചു തരാം.

ആരെയും നിർബന്ധിച്ചു കൃത്യങ്ങൾ ചെയ്യിക്കുക യെന്നതു അച്ചന്റെ സ്വഭാവമായിരുന്നില്ല. വഴി പറഞ്ഞ് കൊടുക്കുകയും ആ വഴിയെ ചെല്ലുവാൻ ഉപദേശിക്കുകയും ചെയ്തു.




1989-ൽ പാവറട്ടിയിൽ വ്രതവാഗ്ദാനജൂബിലി ചടങ്ങിൽ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് പറഞ്ഞു.
ഒരു മനുഷ്യന് ഇത്രയും നിഷ്കളങ്കനാകാൻ പറ്റുമോ? ആർക്കും ഒരു ശല്യവുമാകാതെ, ആരുടേയും ശല്യത്തിന് ഇരയാകാതെ ജീവിക്കുന്ന ഒരു സാധു മനുഷ്യൻ. ഡൺസ്റ്റണച്ചൻ കോയമ്പത്തൂർ പ്രവിശ്യയിൽ ചേർന്നതിൽ എനിക്ക് ഇഷ്ടക്കുറവ് ഉണ്ടെന്ന് അദ്ദേഹത്തോട് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്. കാരണം, നമ്മുടെ തൃശൂർ രൂപതയ്ക്ക് ഒരു വിശുദ്ധ വൈദികനെ നഷ്ടപ്പെട്ടു.


മറുപടി പ്രസംഗത്തിൽ...
വിശുദ്ധനാകണം എന്നുള്ള വലിയ താല്പര്യം മനസ്സിൽ എപ്പോഴുമുണ്ട്. നിങ്ങൾ എനിക്കായ് പ്രാർത്ഥിക്കണം.

ഒരിക്കൽ കെട്ടിടപ്പണിക്കിടെ...




അച്ചാ ഇത് ഓർഡിനറിയാ! ഫാസ്റ്റ് ഇപ്പോൾ വരും.
ഞാനും ഓർഡിനറിയാ


ഇത്രയും
പഴകിയ ചെരുപ്പ്
ഉപേക്ഷിച്ചു
കൂടെ.
ഇതുതന്നെ
ധാരാളം.

എല്ലാ ക്ലേശങ്ങളേയും അതിജീവിച്ച് അതീവ നിഷ്കളങ്കത യിലും വിശുദ്ധമായ വിനയത്തിലും അച്ചൻ ജീവിതം നയിച്ചു.




മറ്റുള്ളവരുടെ മുറിവുകളും സങ്കടങ്ങളും ഒട്ടും സഹിക്കുവാൻ അദ്ദേഹത്തിനായിരുന്നില്ല. ഒരു ദിവസം യോഗാർത്ഥി ഭവനത്തിലെ ഒരു സഹോദരൻ പുഴയിൽ കുളിക്കവെ മുങ്ങി മരിച്ചു. ഇതറിഞ്ഞതോടെ യോഗാർത്ഥികളുടെ ചുമതലയുള്ള അദ്ദേഹത്തിന്റെ കാലിലെ എക്സിമ മന:സംഘർഷം മൂലം പൊട്ടിയൊലിച്ചു.
എന്തുപറ്റി!


അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു വിനോദമായിരുന്നു ചെടിത്തോട്ടപരിപാലനം. പരിശീലനത്തിൽ അതിന്റെ ചൈതന്യം പകർന്നുകൊടുക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചു.
ഇതെല്ലാം സന്ന്യാസത്തിന്റെ സന്തോഷം ഇരട്ടിപ്പിക്കും.
എന്തു ജോലിയിൽ ഏർപ്പെടുന്നതിനും അദ്ദേഹത്തിന് മടിയില്ല. മാത്രമല്ല അതെല്ലാം ആദ്ധ്യാത്മികത യുടെ വിഷയവുമായി.

ചെടികളേയും പൂക്കളേയും അവയുടെ തനിമ തിരിച്ചറിഞ്ഞ് സ്നേഹിച്ച പ്രകൃതിസ്നേഹിയായിരുന്നു അദ്ദേഹം. എഴുത്തുകാരുടേയും ശാസ്ത്രകുതുകികളുടേയും സംശയങ്ങൾ അദ്ദേഹം ലളിതമായി വിശദീകരിക്കുമായിരുന്നു.



മുത്തങ്ങയും കറുകയും പിഴുതെടുത്ത് അദ്ദേഹം നവ സന്ന്യാസികളോട് പറഞ്ഞു...





പറഞ്ഞുതരാം... മേൽമണ്ണുമാത്രം വൃത്തിയാക്കിയാൽ ആഴത്തിൽ ഒളിഞ്ഞു കിടക്കുന്ന വേരിന് ഒന്നും സംഭവിക്കു കയില്ല.
നമ്മുടെ ജീവിതത്തിൽ ആഴത്തിൽ വേരോടിയ കളകൾ പിഴുതെടുത്ത് വിശുദ്ധിക്കു നില മൊരുക്കണം.


ഓരോ പ്രവൃത്തികൾ ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും ദൈവത്തെ ഓർക്കുകയും ആ സമയം നന്നായി വിനിയോഗിക്കുവാൻ പ്രാർത്ഥിക്കുകയും വേണം.

ഒരു കുഞ്ഞിനെപ്പോലെ അധികാരികളെ അനുസരിക്കുന്നതിൽ യാതൊരു വിഷമവും അച്ചന് ഇല്ലായിരുന്നു. അച്ചനിൽ നിന്നുള്ള വാക്കുകളും പ്രവൃത്തികളും ഇതിന് സാക്ഷ്യമാണ്.



ശാരീരികമായ വേദനകൾക്കൊപ്പം വാതരോഗവും പിടിമുറുക്കിയതോടെ അദ്ദേഹം ഏറെ ബുദ്ധിമുട്ടിലായി. ശാരീരിക സഹനത്തിലും ദൈവതിരുമനസ്സു സ്വീകരിച്ചു. സഹനത്തിലൂടെ തന്റെ ജീവിതത്തെ വിശുദ്ധിയുള്ളതാക്കിമാറ്റി.



എല്ലാ നിയമങ്ങളും അനുസരിക്കണമെന്ന ഉറച്ച ബോദ്ധ്യത്തിൽ ഒരു ചെറിയ ആനുകൂല്യവും അദ്ദേഹം സ്വീകരിച്ചില്ല. ഒരിക്കൽ ആശുപത്രിയിൽ പരിശോധനയ്ക്കായ് ചെന്നപ്പോൾ...



രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ, തിരുസന്നിധിയിൽ മണിക്കൂറുകളോളം മുട്ടുകുത്തി അദ്ദേഹം ശിരസ്സുനമിച്ചു കൈകൾകൂപ്പി പ്രാർത്ഥനാപൂർവ്വം ചെലവഴിച്ചു.




അട്ടപ്പാടിയിലെ താവളത്തും, ത്രിത്വമലയിലും ഇടവക വികാരിയായിരിക്കെ, കൃത്യസമയത്ത് കുർബാന യുൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആ സാധുവൈദികന് നിരന്തരം മല കയറിയിറങ്ങുക ആവശ്യമായിരുന്നു.
നമുക്ക് വേണ്ടി അച്ചൻ എത്രയോ കഷ്ടപ്പെടുന്നു. എനിക്കേറെ ബഹുമാനം തോന്നുന്നു.


വിദൂരദേശങ്ങളിൽ പോയി ദൈവത്തെ പകർന്നുകൊടുക്കുവാൻ ഡൺസ്റ്റണച്ചൻ അതിയായ ആഗ്രഹിച്ചിരുന്നു.
വരന്തരപ്പിള്ളി, എൽത്തുരുത്ത്, കോയമ്പത്തൂർ, വടക്കെ ഇന്ത്യയിലെ റാഞ്ചി എന്നിയിടങ്ങളിൽ സന്ന്യാസപരിശീലകനായും ദുർഘടം പിടിച്ച അട്ടപ്പാടി തുടങ്ങിയ സ്ഥലങ്ങളിൽ പ്രേഷിത പ്രവർത്തകനുമായിട്ടാണ് ഡൺസ്റ്റണച്ചൻ പ്രവർത്തിച്ചത്.


പലപ്പോഴും ആശ്രമത്തിന്റെ സുരക്ഷിതത്വത്തിൽ നിന്നുമാറി
നിർധനരായ മനുഷ്യരുടെ ഇടയിൽ കൂടാരമടിച്ച വൈദി
കനായിരുന്നു അദ്ദേഹം.

തന്റെ വ്യക്തിപരമായ ജീവിതത്തിൽ പരമ ദരിദ്രനായിട്ടാണ് ഡൺസ്റ്റണച്ചൻ ജീവിച്ചത്. ആർഭാടങ്ങളെന്നു തോന്നുന്നവ കാണുമ്പോൾ അദ്ദേഹം സഭാംഗങ്ങളെ ഓർമ്മിപ്പിച്ചു.




കുഞ്ഞുന്നാളിൽ പരിശീലിച്ച ത്യാഗങ്ങൾ ജീവിതത്തിലുട
നീളം അദ്ദേഹം തുടർന്നു.
തേങ്ങാക്കൊത്തും പരിപ്പുതിളപ്പിച്ച വെള്ളവും മാത്രം കഴിച്ച് അങ്ങ് വിശപ്പടക്കുന്ന തെങ്ങനെ?
ഞാൻ സംതൃപ്തനാണ്.


ഒരുപാടുപേരുടെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക
പിതാവുമായിരുന്നു അദ്ദേഹം.


പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് ഇരിമ്പന്റെ കുമ്പസാരക്കാരൻ അച്ചനായിരുന്നു.
നല്ല തമ്പുരാൻ അറിയാതെ ജീവിതത്തിൽ യാതൊന്നും സംഭവിക്കുകയില്ല.


മറവിയെന്ന കുറവിനെ എളിമയോടെ സ്വീകരിച്ചപ്പോഴും ആത്മീയ കാര്യങ്ങളിൽ ഓർമ്മക്കുറവ് അദ്ദേഹത്തെ അശേഷം ബാധിച്ചില്ല.
എന്റെ മറവികളെ ഓർമ്മിപ്പിച്ചതിന് നന്ദി.


മറവിയെന്ന ബലഹീനത ജീവിതത്തിലുടനീളം അദ്ദേഹത്തെ പിന്തുടർന്നു. തന്മൂലം തനിക്ക് നേരിട്ട എല്ലാ അപമാനങ്ങളേയും അതീവ നിഷ്കളങ്കതയിലും വിശുദ്ധമായ വിനയത്തിലും അദ്ദേഹം പൂർണ്ണമനസ്സോടെ സ്വീകരിച്ചു. മറവികളിലും വീഴ്ചകളിലും പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു...
എന്നോട് ക്ഷമിക്കുക.


2006 ഒക്ടോബർ 19 കൗണ്ടമ്പാളയം യോഗാർത്ഥിഭവനത്തിൽ കമ്മ്യൂണിറ്റി ഡേ ആഘോഷത്തിന്റെ ഒരുക്കങ്ങൾ നടക്കുകയായിരുന്നു.


പെട്ടെന്ന്!
അയ്യോ! അച്ചൻ തലകറങ്ങി വീണു.


2006 ഒക്ടോബർ 20 രാവിലെ 2ന്
ഞാൻ മരിച്ചു.
ഞാൻ പോവാണ്...
എനിക്ക് സന്തോഷാണ്...
എന്നെ സഹായിക്കണേ...
രക്ഷിക്കണേ...
ഈശോ...


സ്വർഗ്ഗീയമായ ഒരു സൗന്ദര്യം അച്ചന്റെ മുഖത്ത് പ്രത്യക്ഷമായി. വിശുദ്ധനാകണമെന്നുള്ള ഒരേയൊരു ലക്ഷ്യം ജീവിതത്തിലുടനീളം അനുവർത്തിച്ച 86 വർഷത്തെ ജീവിതം പതുക്കെ നിത്യനിദ്രയിലേക്ക് പ്രവേശിച്ചു. ഒപ്പമുള്ളവർ ദുഃഖമടക്കാൻ കഴിയാതെ വിതുമ്പിക്കരഞ്ഞു.
ഒരു വിശുദ്ധൻ മരിച്ചു.

വിശുദ്ധിയുടെ മഹനീയ മാതൃകയായ ഡൺസ്റ്റണച്ചന്റെ ഭൗതിക ശരീരം പാലക്കാട് ഭാരതമാത ആശ്രമാങ്കണത്തിലെ സിമിത്തേരിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ  അടക്കം ചെയ്തു.



വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും വിശുദ്ധരായി ജീവിക്കാനാഗ്രഹിക്കുന്നവർ ആ സന്നിധിയിൽ വന്ന് പ്രാർത്ഥിക്കുന്നു.





പുണ്യശ്ലോകനായ ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ നാമകരണ നടപടികൾക്കു തുടക്കമായി. ഈ പുണ്യവൈദികന്റെ ജീവിതമാതൃക നാം പിഞ്ചെല്ലുകയും അനുഭവസാക്ഷ്യങ്ങൾ പങ്കുവെക്കുകയും ചെയ്യാം.

## ഡൺസ്റ്റനച്ചനെക്കുറിച്ചുള്ള പുസ്തകങ്ങൾ
























# സത്യവഴിയിലെ നിത്യസഞ്ചാരി

**പുണ്യചരിതനായ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ ജീവചരിത്രം**

**റാഫി നീലങ്കാവിൽ**

**ചിത്രീകരണം: സന്തോഷ് വെളിയന്നൂർ**

കാത്തോലിക്കാവിശ്വാസം തഴച്ചുവളർന്ന പാവറട്ടിയുടെ ഗ്രാമാന്തരീക്ഷത്തിൽ സന്ന്യാസവൈദിക ദൈവവിളി സ്വീകരിച്ച് സി.എം.ഐ. സന്ന്യാസസമൂഹത്തിന്റെ ഭാഗമാകുകയും കോയമ്പത്തൂർ ആസ്ഥാനമായുള്ള പ്രേഷിത പ്രവിശ്യയുടെ ആരംഭം മുതൽ അതിന്റെ കർമ്മപഥങ്ങളിൽ തീക്ഷ്ണതയോടെ പങ്കാളിയാവുകയും ചെയ്ത പുണ്യചരിതനായ ഡൺസ്റ്റൺ ഒലക്കേങ്കിലച്ചൻ പരിചയപ്പെട്ട ഏവർക്കും ഒരു വിശുദ്ധ സ്മരണയാണ്. തന്റെ സന്ന്യാസവൈദിക ജീവിതത്തിന്റെ വഴിത്താരകളിൽ സുവിശേഷ മൂല്യങ്ങളെ ആത്മാർഥമായി ജീവിക്കാൻ ശ്രമിച്ച ഒരു ഉത്തമ ക്രിസ്തുശിഷ്യനായിരുന്നു ഡൺസ്റ്റണച്ചൻ. വിദ്യാർത്ഥികളെയും സന്ന്യാസവൈദിക പരിശീലനത്തിലിരുന്ന നിരവധിപേരെയും വിശ്വാസജീവിതത്തിൽ കൈപിടിച്ചുയർത്തുവാനുള്ള ശ്രമങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റം മഹനീയ ദൗത്യമായിരുന്നു. ഈ പുണ്യാത്മാവിനെ വളർന്നുവരുന്ന ഇളംതലമുറയ്ക്ക് പരിചയപ്പെടുത്തുകയെന്നത് അനുഗ്രഹീത എഴുത്തുകാരനായ റാഫി നീലങ്കാവിൽ സത്യവഴിയിലെ നിത്യസഞ്ചാരി എന്ന ഈ ചിത്രകഥയിലൂടെ സാധ്യമാക്കിയിരിക്കുന്നു. ലളിതവും നിർണ്ണായകവുമായ വിവരണങ്ങളോടെ ഈ പുസ്തകം തയ്യാറാക്കിയ റാഫി നീലങ്കാവിലിനും മനോഹരമായി ചിത്രീകരണം നിർവ്വഹിച്ച സന്തോഷ് വെളിയന്നൂരിനും ആത്മാർത്ഥമായ അനുമോദനങ്ങൾ. പുണ്യചരിതനായ ഡൺസ്റ്റണച്ചനെ അടുത്തറിയാനും ഇന്നിന്റെ സാഹചര്യങ്ങളിൽ അനുകരിക്കാനും പുതിയ തലമുറയ്ക്ക് ഈ ചിത്രകഥ കാരണമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. സാജു ചക്കാലയ്ക്കൽ** CMI
പ്രൊവിൻഷ്യൽ, പ്രേഷിത പ്രൊവിൻസ്, കോയമ്പത്തൂർ

DHARMARAM
Publications
Bangalore 560 029, India

9 789392 996023

